REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 11-09-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- സെമികോൺ ഇന്ത്യ എക്സ്പോ മാർട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നോയിഡയിൽ ഉദ്ഘാടനം ചെയ്യും. വൈവിധ്യമാർന്ന സെമികണ്ടക്ടർ വിതരണ ശൃംഖലയുടെ വിശ്വസ്ത പങ്കാളിയാവാൻ ഇന്ത്യയ്ക്ക് സാധിക്കുമെന്ന് പ്രധാനമന്ത്രി.
- പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിന് അഞ്ച് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് നാളെ തിരുവനന്തപുരത്ത്.
- ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. കൃഷി വകുപ്പിന്റെ 2,000 കർഷക ചന്തകൾക്ക് ഇന്ന് തുടക്കം.
- സംസ്ഥാനത്ത് പോലീസ് തലപ്പത്ത് അഴിച്ചു പണി. IG, C.H നാഗരാജു - ഗതാഗത കമ്മീഷണർ. മലപ്പുറം ജില്ലാപൊലീസ് മേധാവിയെയും ജില്ലയിലെ എട്ട് DYSP മാരെയും മാറ്റി.
- സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കാലിക്കറ്റ് FC തിരുവനന്തപുരം കൊമ്പൻസ് മത്സരം സമനിലയിൽ.

## വാർത്തകൾ വിശദമായി

**സെമികണ്ടക്ടർ രംഗത്തെ ആഗോള വ്യാവസായിക വിദഗ്ധരുടെ സമ്മേളനമായ സെമികോൺ ഇന്ത്യ എക്സ്പോ മാർട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നോയിഡയിൽ ഉദ്ഘാടനം ചെയ്യും. 'സെമികണ്ടക്ടർ രൂപകല്പന ഭാവിയിലേക്ക്' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന സമ്മേളനം,**

ഇന്ത്യയെ ഈ രംഗത്തെ ആഗോള കേന്ദ്രമാക്കാനുതകുന്ന നയങ്ങളും തന്ത്രങ്ങളും പ്രതിഫലിപ്പിക്കും.

ഡെസ്ക് റിപ്പോർട്ട്.

...........(വോയ്സ്) ...........

സെമികണ്ടക്ടർ നിർമാണ ആവാസവ്യവസ്ഥ സജ്ജമാക്കാൻ പരിശ്രമിക്കുകയും ഇലക്ട്രോണിക് രംഗത്തെ സാങ്കേതിക വിപ്ലവത്തിന് നേതൃത്വം നൽകുകയും ചെയ്യുന്ന ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന സെമികോണിൽ സെമികണ്ടക്ടർ രംഗത്തെ ആഗോള ഭീമന്മാരുടെ മുൻനിര നേതാക്കൾ പങ്കെടുക്കും. 250 -ലേറെ പ്രദർശനങ്ങളും 150 പ്രഭാഷണങ്ങളുമാണ് സെമികോണിൽ നടക്കുക.

വൈവിധ്യമാർന്ന സെമികണ്ടക്ടർ വിതരണ ശൃംഖലയുടെ വിശ്വസ്ത പങ്കാളിയാവാൻ ഇന്ത്യയ്ക്ക് സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പ്രധാനമന്ത്രിയുടെ വസതിയിൽ ചേർന്ന സെമികണ്ടക്ടർ എക്സിക്യൂട്ടീവുമാരുടെ വട്ടമേശസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ രംഗത്തെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞാണ് രാജ്യം മുന്നോട്ടുപോകുന്നത്. ജനാധിപത്യവും സാങ്കേതികവിദ്യയും ഒരുമിച്ചാൽ മനുഷ്യരാശിയുടെ ക്ഷേമം ഉറപ്പാക്കാനാവുമെന്നും നരേന്ദ്രമോദി പറഞ്ഞു.

ആശയവിനിമയം, പ്രതിരോധം, വാഹനവ്യവസായം, സാങ്കേതികരംഗം തുടങ്ങി എല്ലാ മേഖലയിലും സെമികണ്ടക്ടറിന് പ്രസക്തിയുണ്ട്. ആഗോള സെമികണ്ടക്ടർ രംഗത്തെ വളർച്ചയിൽ മുഖ്യപങ്ക് വഹിക്കുന്ന ഇന്ത്യയിൽ ഈ രംഗത്തെ ആവാസവ്യവസ്ഥ ശക്തിപ്പെടുത്താൻ സെമികോൺ ഇന്ത്യ സമ്മേളനം വഴിയൊരുക്കും.

✪✪✪

പ്രധാനമന്ത്രി ആവാസ് യോജനയുടെ ലക്ഷക്കണക്കിന് ഗുണഭോക്താക്കൾക്കായി 2,745 കോടി രൂപയുടെ ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഞായറാഴ്ച ഝാർഖണ്ഡിലെ ജംഷഡ്പൂരിൽ വിതരണം ചെയ്യുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ അറിയിച്ചു. എല്ലാ ഗുണഭോക്താക്കൾക്കും സ്വീകാര്യപത്രങ്ങളും ചടങ്ങിൽ കൈമാറും. പരിപാടിയുടെ തയ്യാറെടുപ്പുകൾ വിലയിരുത്താൻ കേന്ദ്രമന്ത്രിയുടെ അധ്യക്ഷതയിൽ വിവിധ സംസ്ഥാനങ്ങളിലെ ഗ്രാമവികസന മന്ത്രിമാരുടെ യോഗം ഓൺലൈനായി ചേർന്നു. അടുത്ത അഞ്ചുവർഷത്തിനകം രണ്ട് കോടി വീടുകൾ പദ്ധതിയുടെ ഭാഗമായി നിർമിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാന്റെ മുംബൈ സന്ദർശനത്തോടനുബന്ധിച്ചു ഇന്ത്യയും UAE യും

വാണിജ്യസംബന്ധമായ രണ്ട് കരാറുകളിൽ ഒപ്പിട്ടു. വെർച്വൽ വ്യാപാര ഇടനാഴി, ഇത് സാധ്യമാക്കുന്ന മൈത്രി സമ്പർക്ക സൗകര്യം എന്നീ കരാറുകളിലാണ് ഒപ്പ് വെച്ചത്. ഇന്ത്യ- മധ്യ കിഴക്കൻ യൂറോപ്പ് വ്യാപാര ഇടനാഴി ചട്ടക്കൂട് അനുസരിച്ചാണ് കരാർ.

✪✪✪

ഡിജിറ്റൽ ഇന്ത്യ കാഴ്ചപ്പാടിന്റെ ഭാഗമായി സാങ്കേതികരംഗത്തെ ശേഷി വർധിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ മൂന്നാം ഘട്ടത്തിന് കേന്ദ്ര ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയം തുടക്കം കുറിച്ചു. ഡിജിറ്റൽ സാങ്കേതിക അടിസ്ഥാനസൗകര്യം, നിർമിതബുദ്ധിയും മെഷീൻ ലേണിങ്ങും, വൻകിട ഡിജിറ്റൽ പരിവർത്തന പദ്ധതികളുടെ നിർവഹണം തുടങ്ങിയ സുപ്രധാന മേഖലകളിലാണ് ഈ ഘട്ടത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുക. കേന്ദ്ര-സംസ്ഥാന തലങ്ങളിൽ ഉദ്യാഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങളും സംഘടിപ്പിക്കും.

✪✪✪

പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിന് അഞ്ച് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് നാളെ തിരുവനന്തപുരത്ത് നടക്കും. ഏകദിന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

തെലങ്കാന ഉപമുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയുമായ ഭട്ടി വിക്രമാർക്ക മല്ലു, കർണാടക റവന്യു മന്ത്രി കൃഷ്ണ ബൈരെ ഗൗഡ, പഞ്ചാബ് ധന മന്ത്രി ഹർപാൽ സിങ് ചീമ, തമിഴ്നാട് ധന മന്ത്രി തങ്കം തെന്നരസു പ്രതിപക്ഷ നേതാവ് VD സതീശൻ, പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും കേന്ദ്ര ഗവൺമെന്റിന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവുമായ ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

സംസ്ഥാനങ്ങൾ നേരിടുന്ന വികസന-ധനകാര്യ പ്രശ്നങ്ങൾ ഡോ.എ അരവിന്ദ് പനഗാരിയ അധ്യക്ഷനായ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നത് സംബന്ധിച്ച ആശയരൂപീകരണമാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

✪✪✪

സംസ്ഥാന കൃഷി വകുപ്പിന്റെ ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് സെക്രട്ടറിയേറ്റ് അങ്കണത്തിൽ നിർവ്വഹിക്കും. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഓണത്തിനൊരുമുറം പച്ചക്കറി.

✪✪✪

സംസ്ഥാനത്ത് ഓണത്തിനോടനുബന്ധിച്ച് കൃഷി വകുപ്പിന്റെ 2,000 കർഷക ചന്തകൾ ഇന്നാരംഭിക്കും. കർഷക ചന്തകളുടെയും സഞ്ചരിക്കുന്ന വിൽപ്പനശാലകളുടെയും ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി P പ്രസാദ് നിർവഹിച്ചു. 2,000 ഓണച്ചന്തകളിൽ പഴം, പച്ചക്കറികൾക്ക് 30 ശതമാനം വരെ വിലക്കുറവുണ്ടാകുമെന്ന് മന്ത്രി പറഞ്ഞു.

വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൂടുതൽ ചലിക്കുന്ന പച്ചക്കറിച്ചന്തകൾ സംസ്ഥാനവ്യാപകമായി ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. ശനിയാഴ്ച വരെയാണ് കർഷകച്ചന്തകൾ പ്രവർത്തിക്കുക.

✪✪✪

പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് നൽകാൻ സപ്ലൈകോ ഓണച്ചന്തകളിലൂടെ കഴിയുമെന്ന് മന്ത്രി G R അനിൽ പറഞ്ഞു. വിലക്കയറ്റം സാധാരണക്കാരെ ബാധിക്കാതിരിക്കാൻ ക്രിയാത്മക ഇടപെടലുകളാണ് റേഷൻകടകളിലൂടെയും സപ്ലൈകോ-കൃഷിവകുപ്പ് ഔട്ട്ലെറ്റുകളിലൂടെയും ഗവൺമെന്റ് നടത്തുന്നതെന്നും മന്ത്രി അറിയിച്ചു. നെടുമങ്ങാട് സപ്ലൈക്കോ- ഓണച്ചന്ത ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് പോലീസ് തലപ്പത്ത് അഴിച്ചു പണി. IG, C.H നാഗരാജുവിനെ ഗതാഗത കമ്മീഷണറായി നിയമിച്ചു. കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ S ശ്യാം സുന്ദറാണ് പുതിയ ദക്ഷിണ മേഖലാ IG. പൊലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപറേഷൻ MD യുടെ അധിക ചുമതലയും അദ്ദേഹം വഹിക്കും.

പുട്ട വിമലാദിത്യയാണ് പുതിയ കൊച്ചി കമ്മീഷണർ. ട്രാൻസ്പോർട്ട് കമ്മീഷണർ A .അക്ബറിനെ എറണാകുളത്ത് ക്രൈം ബ്രാഞ്ച് ഐജിയായി നിയമിച്ചു.

മലപ്പുറം ജില്ലാ പോലീസ് മേധാവി S ശശിധരനെ വിജിലൻസ് എറണാകുളം റെയ്ഞ്ച് എസ്.പി.യായി സ്ഥലം മാറ്റി. AIG ആർ. വിശ്വനാഥാണ് പുതിയ മലപ്പുറം S.P. മലപ്പുറം ജില്ലയിലെ എട്ട് DYSP മാരെയും സ്ഥലം മാറ്റിയിട്ടുണ്ട്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കാലിക്കറ്റ് FC തിരുവനന്തപുരം കൊമ്പൻസ് മത്സരം സമനിലയിൽ. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ, ഇരു ടീമുകളും ഓരോ ഗോൾ നേടി.

✪✪✪

കേരളാ ക്രിക്കറ്റ് ലീഗിൽ ഇന്നലെ നടന്ന രണ്ടാം മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസ്, തൃശൂർ ടൈറ്റൻസിനെ 38 റൺസിന് തോല്പിച്ചു.

ആദ്യ കളിയിൽ ഏരീസ് കൊല്ലം സെയ്‌ലേഴ്സ് ആലപ്പി റിപ്പിൾസിനെ രണ്ടു റൺസിന് പരാജയപ്പെടുത്തി.

ഇന്ന് ഉച്ച കഴിഞ്ഞ് 2.30ന് ആദ്യ മത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസും, ഫിനെസ് തൃശൂർ ടൈറ്റൻസും തമ്മിൽ ഏറ്റുമുട്ടും.

വൈകിട്ട് 6.45ന് കൊച്ചി ബ്ലൂ ടൈഗേഴ്സും ഏരീസ് കൊല്ലം സെയ്‌ലേഴ്സും തമ്മിലാണ് രണ്ടാമത്തെ മത്സരം

✪✪✪

നാല്പത്തിയഞ്ചാമത് ഫിഡെ ചെസ്സ് ഒളിമ്പ്യാഡിന് ഹംഗറി തലസ്ഥാനമായ ബുഡാപെസ്റ്റിൽ ഇന്ന് തുടക്കമാകും. ഈ മാസം 22 വരെ നടക്കുന്ന മത്സരങ്ങളിൽ 1,800 ലധികം താരങ്ങൾ പങ്കെടുക്കും. ഓപ്പൺ വിഭാഗത്തിൽ 193 ദേശീയ ടീമുകളും വനിതാവിഭാഗത്തിൽ 181 ടീമുകളുമാണ് മത്സരിക്കുക. ഓപ്പൺ വിഭാഗത്തിൽ അമേരിക്കയ്ക്ക് തൊട്ടു പിന്നിൽ രണ്ടാം സീഡായാണ് ഇന്ത്യ മത്സരിക്കുന്നത്.

ജോർജിയയ്ക്കു പിന്നിൽ രണ്ടാം സീഡായാണ് ഇന്ത്യൻ വനിതാ താരങ്ങളുടെ മത്സരം.

✪✪✪

ചൈനയിൽ പുരുഷ വിഭാഗം ഏഷ്യൻ ഹോക്കി ചാമ്പ്യൻ ഷിപ്പിൽ നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും. നാല് തവണ ചാമ്പ്യന്മാരായ ഇന്ത്യ ചൈനയെ എതിരില്ലാത്ത മൂന്നു ഗോളുകൾക്കും ജപ്പാനെ ഒന്നിനെതിരെ അഞ്ചു ഗോളുകൾക്കും തോൽപ്പിച്ചു പോയിന്റ് പട്ടികയിൽ ഒന്നാമതാണ്. ഈ മാസം പതിനാറിന് സെമിഫൈനലും പതിനേഴിന് ഫൈനൽ മത്സരവും നടക്കും.

✪✪✪

സംസ്ഥാനത്ത് ആരംഭിക്കാൻ പോകുന്ന മികവിന്റെ കേന്ദ്രങ്ങളുടെ അന്താരാഷ്ട്രവത്കരണത്തിന് ലോകബാങ്ക് പിന്തുണ നൽകുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. ലോകബാങ്കിന്റെ ആഗോള വിദ്യാഭ്യാസ പരിശീലന പദ്ധതിയുടെ ചുമതലക്കാരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഈ ധാരണയെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാര വർദ്ധനയ്ക്കും, രാജ്യാന്തര സ്വഭാവത്തിൽ അത്യാധുനിക ഗവേഷണം വികസിപ്പിക്കുന്നതിനുമാണ് ഏഴ് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. അന്താരാഷ്ടതതലത്തിൽ വിദ്യാർത്ഥികളെയും ഗവേഷകരെയും

ആകർഷിക്കുന്ന വിധത്തിൽ ഈ മികവിന്റെ കേന്ദ്രങ്ങളെ വികസിപ്പിക്കാൻ ലോകബാങ്ക് സഹകരിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഗവൺമെന്റിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ എക്സൈസ് വകുപ്പ് ആധുനികവൽക്കരണത്തിന്റെ പാതയിലാണെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. പത്തനംതിട്ടയിൽ എക്സൈസ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കണ്ടെത്തിയ കേസുകളിലെ പ്രതികളിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ നടത്തിയ അന്വേഷണങ്ങളിൽ 100 കോടിയിലധികം വിലവരുന്ന സിന്തറ്റിക് മയക്ക് മരുന്നുകൾ പിടിച്ചെടുത്തതായും മന്ത്രി പറഞ്ഞു.

✪✪✪

മാലിന്യമുക്ത കേരളം ജനകീയ ക്യാമ്പയിനിൽ പല ഘട്ടങ്ങളിലായി എല്ലാ വിദ്യാർത്ഥികളും പങ്കെടുക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. മാലിന്യമുക്ത കേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച തിരുവനന്തപുരം ജില്ലാതല നിർവഹണ സമിതി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മാലിന്യനിർമാർജനവും മാലിന്യ സംസ്കരണവും പാഠ്യപദ്ധതിയുടെ ഭാഗമാണെന്നും, എല്ലാ ക്ലാസ്സുകളിലെയും കുട്ടികളെ ഇക്കാര്യം പഠിപ്പിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

ബേപ്പൂരിൽ വിനോദസഞ്ചാര വകുപ്പിനു കീഴിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി പരിശോധിച്ച് ഓരോന്നിന്റെയും പൂർത്തീകരണത്തിന് സമയക്രമം തീരുമാനിച്ചു. ബേപ്പൂർ ആൻഡ് ബിയോണ്ട് പദ്ധതിയുടെ ഒന്നാംഘട്ടവും കടലുണ്ടി പക്ഷിസങ്കേതവും സെപ്റ്റംബർ 30നകവും ഓഷ്യാനസ് ചാലിയം ഒന്നാം ഘട്ടം ഒക്ടോബർ പത്തിനകവും പൂർത്തിയാക്കാനാകുമെന്ന് മന്ത്രി P.A. മുഹമ്മദ് റിയാസിന്റെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ഉദ്യോഗസ്ഥർ ഉറപ്പുനൽകി.

✪✪✪

ഹേമ കമ്മിറ്റി റിപ്പോർട്ട് ഇത്രയും കാലം പൂഴ്ത്തിവെച്ചതിന് സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ സ്ത്രീകളോട് മാപ്പു പറയണമെന്ന് BJP സംസ്ഥാന അദ്ധ്യക്ഷൻ K.സുരേന്ദ്രൻ ആവശ്യപ്പെട്ടു. ഹൈക്കോടതി നിർദ്ദേശം ഗവൺമെന്റിന്റെ മുഖത്തേറ്റ പ്രഹരമാണെന്നും അദ്ദേഹം പ്രസ്താവനയിൽ

പറഞ്ഞു. ഇത്രയും സ്ത്രീവിരുദ്ധരായ ഗവൺമെന്റ് കേരളം ഭരിച്ചിട്ടില്ലെന്നും സുരേന്ദ്രൻ പറഞ്ഞു.

✪✪✪

പിണറായി വിജയൻ കമ്യൂണിസ്റ്റ് എന്ന് പറയുന്നത് തന്നെ ഇടതുപക്ഷത്തിന് അപമാനമാണെന്ന് KPCC പ്രസിഡണ്ട് K സുധാകരൻ കുറ്റപ്പെടുത്തി. പ്രകടമായ RSS ബന്ധത്തിലൂടെ CPIM അവരെ ഇത്രയും നാൾ വിശ്വസിച്ച ന്യൂനപക്ഷങ്ങളെ വഞ്ചിച്ചുവെന്നും അദ്ദേഹം കൊല്ലത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

എല്ലാ വിവരാവകാശ അപേക്ഷകളിലും അഞ്ചുദിവസത്തിനകം നടപടി ആരംഭിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. A അബ്ദുൽ ഹക്കീം നിർദ്ദേശം നൽകി. ഓഫീസിലില്ലാത്ത വിവരങ്ങളാണ് അപേക്ഷയിൽ ആവശ്യപ്പെടുന്നതെങ്കിൽ അഞ്ചാം ദിവസം തന്നെ വിവരങ്ങൾ ലഭിക്കുന്ന ഓഫീസിലേക്ക് അപേക്ഷ അയക്കണമെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട്ട് വിവരാവകാശ സിറ്റിങ്ങിനു ശേഷം സംസാരിക്കുകയായിരുന്നു സംസ്ഥാന വിവരാവകാശ കമ്മീഷണർ.

പുതുതായി ഒരു ഫയൽ തുടങ്ങുമ്പോൾ വിവരാവകാശ അപേക്ഷയ്ക്കു സാധ്യത കൂടി മുന്നിൽകണ്ട് വേണം അവ ആരംഭിക്കാനെന്നും അബ്ദുൾ ഹക്കീം പറഞ്ഞു.

✪✪✪

കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ളൈന്റിന്റെ 58-ാമത് സ്ഥാപകദിനവും ഓണക്കിറ്റ് വിതരണവും ഇന്ന് പാലക്കാട്ടും, ആലപ്പുഴയിലും നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. പാലക്കാട്ട് മഹാരാജാ ക്ലബ്ബ് ഓഡിറ്റോറിയത്തിലും ആലപ്പുഴയിൽ ജനപഥ് ഓഡിറ്റോറിയത്തിലുമാണ് പരിപാടികൾ.

✪✪✪